# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട                                                                 08-06-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 127

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ.വി.എസ്.ശിവകുമാർ :<br>ശ്രീ. കെ.എസ്.ശബരീനാഥൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ കരാറിൽ പറഞ്ഞിരുന്ന പ്രകാരമുള്ള സമയക്രമം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) 690 പ്രവൃത്തി ദിവസം കൊണ്ട് പദ്ധതിയുടെ എത്ര ശതമാനം നിർമ്മാണം പൂർത്തിയാക്കണമെന്നായിരുന്നു കരാർ വ്യവസ്ഥയിൽ സൂചിപ്പിച്ചിരുന്നത്; അതിൽ എത്ര ശതമാനം പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(എ) യും (ബി) യ

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കൺസഷൻ കരാർ പ്രകാരം 2019 ഡിസംബർ 4-ാം തീയതി പണി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2017 നവംബർ 30 ന് ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ യന്ത്രസാമഗ്രികൾക്കും നിർമ്മാണ പ്രവൃത്തികൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ കാരണം നിർമ്മാണ പ്രവൃത്തി 16 മാസം വരെ നീണ്ടുപോകാമെന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇൻഡിപെന്റന്റ് എഞ്ചിനീയർ വിലയിരുത്തുകയും അവർ സമർപ്പിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശേഷിയുള്ള ഡ്രഡ്ജറുകൾ ഉപയോഗിച്ച് റിക്ലമേഷൻ ജോലികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയത്തു തന്നെ പണി പൂർത്തീകരിക്കാൻ അദാനി തുറമുഖ കമ്പനി നിർദ്ദേശം നൽകിയിട്ടുണ്ട്.

കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും 690-ാം ദിവസം (രണ്ടാം നാഴികക്കല്ല് - 2017 ഒക്ടോബർ 24) പദ്ധതി ചെലവിന്റെ 25% തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ തീയതിയിൽ 35.8% തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം 21.75% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. അദാനി തുറമുഖ കമ്പനി അവകാശപ്പെട്ട ചില ചെലവുകൾ കരാർ പ്രകാരമുള്ള ചെലവുകളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ വ്യത്യാസം. തുടർന്ന്, കൺസഷൻ കരാറിലെ ഷെഡ്യൂൾ- ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ അദാനി കമ്പനിയോട് നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കരാർ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കാത്തതിനാൽ പിഴയൊടുക്കുവാൻ സർക്കാർ അദാനി ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുക പിഴയടയ്ക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (സി) | കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും 690-ാം ദിവസം (രണ്ടാം നാഴികക്കല്ല് - 2017 ഒക്ടോബർ 24) പദ്ധതി ചെലവിന്റെ 25% തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ തീയതിയിൽ 35.8% തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം 21.75% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൺസഷൻ കരാറിലെ ഷെഡ്യൂൾ- ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ അദാനി കമ്പനിയോട് 18.96 കോടി രൂപ നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പദ്ധതി നിശ്ചിത സമയത്ത് പൂർത്തിയാക്കുവാൻ കഴിയില്ലായെന്നും 16 മാസം കൂടി അധികമായി അനുവദിക്കണമെന്നും അദാനി ഗ്രൂപ്പ് ആവശ്യപ്പെട്ടി ട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഉണ്ട്. 2017 നവംബർ 30 ന് ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ യന്ത്രസാമഗ്രികൾക്കും നിർമ്മാണ പ്രവൃത്തികൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ കാരണം നിർമ്മാണ പ്രവൃത്തി 16 മാസം വരെ നീണ്ടുപോകാമെന്ന് അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇൻഡിപെന്റന്റ് എഞ്ചിനീയർ വിലയിരുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ശേഷിയുള്ള ഡ്രഡ്ജറുകൾ ഉപയോഗിച്ച് റിക്ലമേഷൻ ജോലികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയത്തു തന്നെ പണി പൂർത്തീകരിക്കാൻ അദാനി തുറമുഖ കമ്പനി നിർദ്ദേശം നൽകുകയും അധിക സമയം വേണമെന്ന ആവശ്യം നിരാകരിച്ചുകൊണ്ട് വിഴിഞ്ഞം തുറമുഖ കമ്പനി അദാനി കമ്പനിയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ